## വാട്സ്ആപ് ഗ്രൂപ്പ്

ജില്ലാ കളക്ടർ, ജില്ലാ പോലീസ് മേധാവി ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ, ചൈൽഡ് വെൽഫയർ കമ്മറ്റി, ജുവനൈൽ ജസ്റ്റിസ് ബോർഡ്, ചൈൽഡ്ലൈൻ, ജില്ലയിലെ ഉന്നത പോലീസ് ഉദ്യോഗസ്ഥർ, ജില്ലാ സാമൂഹ്യനീതി ഓഫീസർ, മെഡിക്കൽ ഓഫീസർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, എല്ലാ പോലീസ് സ്റ്റേഷനുകളിലേയും സബ് ഇൻസ്പെക്ടർ (ചൈൽഡ് വെൽഫയർ ഓഫീസർ) എന്നിവരടങ്ങിയ വാട്സ്ആപ് ഗ്രൂപ്പ് കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി ഏകീകരിച്ച് ഉടനടി വിവരങ്ങൾ കൈമാറി കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി ജില്ലയിൽ പ്രവർത്തിക്കുന്നു.

DACP-MAlappuram District Administration on Child Protection എന്ന ഗ്രൂപ്പിന്റെ അഡ്മിനിസ്ട്രേഷൻ ജില്ലാ പോലീസ് മേധാവിയും, ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസും കൂടിയാണ്. ജില്ലയിൽ റിപ്പോർട്ട് ചെയ്യുന്ന കുട്ടികളുമായി ബന്ധപ്പെട്ട എല്ലാ കേസുകളും കൈമാറുകയും ഉടനടി നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.


**ജില്ലാ പോലീസ് മേധാവി**
ജില്ലാ പോലീസ് ആസ്ഥാനം, മലപ്പുറം
0483 2734377, spmpm.pol@kerala.gov.in

**ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ**
ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ്
മിനി സിവിൽ സ്റ്റേഷൻ, മഞ്ചേരി, മലപ്പുറം
0483 279888, dcpumpm@gmail.com

**ചൈൽഡ് ലൈൻ മലപ്പുറം**
1098


പോലീസും കുട്ടികളും
തമ്മിലുള്ള അന്തരം
ഇല്ലാതാക്കാൻ....

CHILD FRIENDLY
POLICE STATION
malappuram district

CHILD FRIENDLY POLICE STATION
SPECIAL JUVENILE POLICE UNIT

# ചൈൽഡ് ഫ്രണ്ട്‌ലി പോലീസ് സ്റ്റേഷൻ

മലപ്പുറം ജില്ല

ജില്ലാ പോലീസ്
ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ്
ചൈൽഡ്ലൈൻ
സംയുക്തമായി നടപ്പിലാക്കുന്നത്

# CHILD FRIENDLY POLICE STATION

കുട്ടികൾക്കെതിരെയുള്ള അവകാശലംഘനങ്ങൾ, അതിക്രമങ്ങൾ, നിലവിലെ നിയമങ്ങൾക്കെതിരെ കുട്ടികൾ പ്രവർത്തിക്കുമ്പോൾ ഉൾപ്പെടെയുള്ള സാഹചര്യങ്ങളിൽ കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുക, കുട്ടികൾക്ക് നേരിട്ട് പരാതികൾ ബോധിപ്പിക്കാനുള്ള സൗഹൃദപരമായ അന്തരീക്ഷം, അവരെ കൈകാര്യം ചെയ്യുന്നതിനുള്ള പ്രത്യേക പരിശീലനം നേടിയെടുത്ത പോലീസ് സംവിധാനം എന്നിവ ഉറപ്പ് വരുത്തുന്നതിനാണ് ചൈൽഡ് ഫ്രണ്ട്‌ലി പോലിസ് സ്റ്റേഷൻ.

ബാലനീതി നിയമം 2000, ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന 2012 ലെ നിയമം, ബാലവിവാഹ നിരോധന നിയമം 2006 തുടങ്ങി കുട്ടികളുമായി ബന്ധപ്പെട്ട എല്ലാ നിയമങ്ങളിലും കാര്യക്ഷമമായി നിയമം അനുശാസിക്കുന്ന രീതിയിലും കുട്ടികളുടെ ഉത്തമ താൽപര്യം സംരക്ഷിക്കുക എന്ന തത്വം നടപ്പിലാക്കുന്നതിന് പോലീസിനേയും, കുട്ടികളേയും,പൊതുസമൂഹത്തേയും സജ്ജമാക്കുന്നതിനായാണ് ചൈൽഡ് ഫ്രണ്ട്‌ലി പോലീസ് സ്റ്റേഷൻ.

**ഏതൊരു കുട്ടിക്കും നേരിട്ട് പരാതി നൽകാനുള്ള സാഹചര്യം ഉണ്ടാക്കുക വഴി പോലീസും കുട്ടികളും തമ്മിലുള്ള അന്തരം ഇല്ലാതാവുന്നു.**

## പ്രവർത്തനങ്ങൾ

**പ്രതിരോധം | സംരക്ഷണം | ഏകോപനം ബാലസൗഹൃദം**

- കുട്ടികൾക്ക് സ്റ്റേഷനിൽ നേരിട്ട് പരാതി നൽകാനുള്ള സാഹചര്യം സൃഷ്ടിക്കുക.
- പ്രത്യേക ചൈൽഡ് കോർണർ/ ബാലസൗഹൃദ സ്ഥലം സജ്ജമാക്കുക.
- കുട്ടികളുമായി ബന്ധപ്പെട്ട നിയമങ്ങൾ, പ്രവർത്തനങ്ങൾ എന്നിവ ഓരോ സ്റ്റേഷനിലും സജ്ജമാക്കുക.
- ചൈൽഡ് വെൽഫയർ ഓഫീസറുടേയും പോലീസ് സംവിധാനത്തിന്റേയും സേവനം ബാലസൗഹൃദമായി നടപ്പിലാക്കുക.
- കുട്ടികൾക്കായി പ്രത്യക ഇരിപ്പിടം, പരാതി പരിഹാര സെൽ, കുട്ടികളുടെ സൈക്കോളജിയിൽ ട്രെയിനിംഗ് ലഭിച്ചവരുടെ സേവനം എന്നിവ ഉറപ്പ് വരുത്തുക.
- ബാല്യവിവാഹങ്ങൾ ഉൾപ്പെടെയുള്ള കുട്ടികളുടെ അവകാശ ധ്വംസനങ്ങൾക്കെതിരെ, ചൈൽഡ് വെൽഫെയർ ഓഫീസർ വനിതാ പോലീസ് എന്നിവരുൾപ്പെടെയുള്ള ഗ്രൂപ്പിന്റെ സേവനം കാര്യക്ഷമമായി ഉപയോഗപ്പെടുത്തുക.
- കൗൺസലിംഗ് ഉൾപ്പെടെയുള്ള സേവനങ്ങൾ ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് (DCPU), ചൈൽഡ്‌ലൈൻ, മറ്റു സന്നദ്ധ പ്രവർത്തകർ എന്നിവ മുഖേന ഉറപ്പ് വരുത്തുക.
- ചൈൽഡ്ഫ്രണ്ട്‌ലി കോർണർ മുഖേന കുട്ടികളുടെ അവകാശ പോസ്റ്ററുകൾ, ലഘുരേഖകൾ എന്നിവയുടെ വിതരണം, വിവര ശേഖരണം.
- കുട്ടികളുമായി ബന്ധപ്പെട്ട കേസുകളിൽ പ്രത്യേക രജിസ്റ്ററുകളും പ്രത്യേക കേസുകളുമായി പരിഗണിച്ച് സമയബന്ധിതമായി നടപ്പിലാക്കാനുള്ള നടപടികൾ.
- കുട്ടികൾക്കെതിരായി നടക്കുന്ന എല്ലാ അവകാശ ധ്വംസനങ്ങളും നിയമത്തിനു മുമ്പിൽ സമയബന്ധിതമായി എത്തിക്കുക.
- കുട്ടികളെ പോലീസ് സ്റ്റേഷനിലേക്ക് സൗഹൃദപരമായി സ്വീകരിക്കുന്നതോടുകൂടി കമ്മ്യൂണിറ്റി തലത്തിലും പുതിയ തലമുറയിലും പോലീസ് സംവിധാനത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ തിരുത്തുക.
- ചൈൽഡ് വിക്റ്റിം റിഹാബിലിറ്റേഷൻ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുക.
- വിവിധ ഡിപ്പാർട്ടുമെന്റുകൾ, ജുഡീഷ്യറി, സന്നദ്ധപ്രവർത്തകർ, സമൂഹം എന്നിവയുമായി കൈകോർത്തുള്ള പ്രവർത്തനം.
- പോലീസും കുട്ടികളുമായുള്ള അന്തരം ഇല്ലാതാക്കുക.
- നേരിട്ട് പരാതികൾ പോലീസിനെ അറിയിക്കുന്നതിനുള്ള അവസരം, സാഹചര്യം ഉണ്ടാക്കുക.
- സ്റ്റുഡന്റ് പോലീസ് യൂണിറ്റും പോലീസ് സ്റ്റേഷനുമായുള്ള സൗഹൃദപരമായ പ്രവർത്തനങ്ങൾ.
- കുട്ടികളുടെ ഉത്തമ താൽപര്യം സംരക്ഷിക്കുക അവ ഉയർത്തിപ്പിടിക്കുക.
- ബ്ലോക്ക്, വില്ലേജ് തലത്തിലുള്ള ചൈൽഡ് പ്രൊട്ടക്ഷൻ കമ്മറ്റികളുമായുള്ള കൈകോർത്തുള്ള പ്രവർത്തനം.
- കുട്ടികൾക്കെതിരെയുള്ള പ്രത്യേക കേസുകളിൽ പ്രത്യേക പരിശീലനം ലഭിച്ച സാമൂഹ്യ പ്രവർത്തകർ, സൈക്കോളജിസ്റ്റ്, ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് എന്നിവയുമായുള്ള ചൈൽഡ് ഫ്രണ്ട്‌ലി ഗ്രൂപ്പിന്റെ സേവനം ഉറപ്പുവരുത്തുക.

അതാത് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടർക്ക് (SHO) ആയിരിക്കും ചൈൽഡ് ഫ്രണ്ട്‌ലി പോലീസിന്റെ പൂർണ്ണ ചുമതല. ചൈൽഡ് വെൽഫയർ ഓഫീസർ എന്നായിരിക്കും SI/SHO അറിയപ്പെടുക.